50/DGE /HSE /NSS /2025

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം,
നാഷണൽ സർവീസ് സ്കീം
(ഹയർ സെക്കൻററി വിഭാഗം),
ജഗതി, ഉള്ളൂർ ലെയ്ൻ,
തിരുവനന്തപുരം.
04712323023
dhsensskerala@gmail.com

തീയതി :19/09/2025

## **സർക്കുലർ**

വിഷയം: ഹയർ സെക്കന്ററി എൻ.എസ്.എസ്. – ജീവിതോത്സവം 2025 പദ്ധതി – സംബന്ധിച്ച്.

ലഹരിമുക്ത സമൂഹ സൃഷ്ടിക്കായി ബഹു. കേരള മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ പ്രഖ്യാപിച്ച്, ഹയർ സെക്കന്ററി നാഷണൽ സർവീസ് സ്കീം ആവിഷ്കരിച്ച് നടപ്പാക്കുന്ന ജീവിതോത്സവം പദ്ധതിയുടെ സംസ്ഥാനതല ഉദ്ഘാടനം 2025 സെപ്റ്റംബർ 24 ബുധനാഴ്ച്ച രാവിലെ 9 മണിയ്ക്ക് തിരുവനന്തപുരം കോട്ടൺഹിൽ ഗവ. ഗേൾസ് ഹയർ സെക്കന്ററി സ്കൂളിൽ വച്ച് ബഹു. പൊതു വിദ്യാഭ്യാസ തൊഴിൽ വകുപ്പ് മന്ത്രി ശ്രീ. വി ശിവൻകുട്ടി നിർവ്വഹിക്കും.

എല്ലാ എൻ. എസ്. എസ്. ജില്ലകളിലും ക്ലസ്റ്ററുകളിലും സ്കൂൾ യൂണിറ്റുകളിലുമായി ജീവിതോത്സവത്തിന്റെ ഉദ്ഘാടനം അന്നേ ദിവസം സംഘടിപ്പിക്കേണ്ടതും റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

ജീവിതോത്സവം പദ്ധതിയിൽ വിദ്യാലയത്തിലെ എല്ലാ വിദ്യാർത്ഥികളേയും പങ്കെടുപ്പിക്കാം. സെപ്റ്റംബർ 24 മുതൽ ഒക്ടോബർ 14 വരെയുള്ള 21 ദിവസങ്ങളിലായാണ് ചലഞ്ചുകൾ സംഘടിപ്പിക്കേണ്ടത്. വീടുകളിൽ തന്നെ ചെയ്യാവുന്ന ചലഞ്ചുകൾ, അവധി ദിനങ്ങളിൽ, ക്രമീകരിച്ചു നല്കാൻ പ്രോഗ്രാം ഓഫിസർമാർ ശ്രദ്ധിക്കണം.

ജീവിതോത്സവം പദ്ധതിയുടെ നിർവഹണവുമായി ബന്ധപ്പെട്ട നിർദ്ദേശങ്ങൾ ആക്ഷൻ പ്ലാനിൽ വിശദമായി ഉൾപ്പെടുത്തിയിട്ടുണ്ട്. റീജിയണൽ പ്രോഗ്രാം കോർഡിനേറ്റർമാരും ജില്ലാ കൺവീനർമാരും ക്ലസ്റ്റർ കൺവീനർമാരും പദ്ധതിയുടെ ഫലപ്രദമായ നടത്തിപ്പിന് വേണ്ട പിന്തുണാ സംവിധാനങ്ങൾ ഉറപ്പാക്കണം.

ജീവിതോത്സവം പദ്ധതി നിർവ്വഹണത്തിന്റെ സംസ്ഥാനതല ചുമതല ശ്രീ. ബിനു പി.ബി, റീജിയണൽ പ്രോഗ്രാം കോർഡിനേറ്റർ, ദക്ഷിണ മേഖല – 2

ഫോൺ: 949685 1181

ജോയിന്റ് ഡയറക്ടർ (അക്കാഡമിക്)

ജഗതി
തിരുവനന്തപുരം
695 014